# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : *492

02.07.2013-ൽ മറുപടിക്ക്

**കർഷക സേവന കേന്ദ്രങ്ങൾ**

**ചോദ്യം**

ശ്രീ. വർക്കല കഹാർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. പി. സജീന്ദ്രൻ :

(എ) സഹകരണ മേഖലയിൽ കർഷക സേവന കേന്ദ്രങ്ങൾ പ്രവൃത്തിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കേന്ദ്രങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ;

(സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങൾ മുഖാന്തിരം കർഷകർക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) സേവന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ; വിശദാംശം അറിയിക്കുമോ ?

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും (ഡി) യും

സർക്കാരിന്റെ 2012-2013 ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് സംസ്ഥാനത്ത് കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കേരളത്തിലെ കർഷകരെ പ്രോത്സാഹിപ്പിച്ച് കാർഷികോത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് കർഷക സേവന കേന്ദ്രങ്ങളുടെ പ്രധാന ഉദ്ദേശ ലക്ഷ്യം. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ ഏകോപിപ്പിക്കുക, കർഷകർക്ക് ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക, കർഷകർക്ക് ആധുനിക കൃഷി ഉപകരണങ്ങളുടെ സേവനം ലഭ്യമാക്കുക, ആധുനിക രീതിയിൽ കൃഷി ചെയ്യുന്നതിന് പരിശീലനം നൽകുക, കാർഷിക വിളകളുടെ വിൽപ്പന നടത്തുന്നതിന്

മികച്ച സംവിധാനം ഏർപ്പെടുത്തുക, നബാർഡ്, എൻ.സി.ഡി.സി, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് കർഷകർക്ക് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് ഏജൻസിയായി പ്രവർത്തിക്കുക തുടങ്ങിയവയാണ് കർഷക സേവന കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.

കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 2012-2013 ലെ ബഡ്ജറ്റിൽ അനുവദിച്ച 10 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകി തുക അനുവദിച്ചിട്ടുണ്ട്. ടി തുക ഓരോ കേന്ദ്രത്തിനും പരമാവധി 25 ലക്ഷം രൂപ വീതം നൽകി തെരഞ്ഞെടുത്ത 40 ബ്ലോക്കുകളിലായി അനുവദിച്ച 40 സേവന കേന്ദ്രങ്ങളുടെ പ്രവർത്തനമാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ 20 കേന്ദ്രങ്ങൾ കൂടി ആരംഭിക്കുന്നതിന് 2013-2014 ലെ ബഡ്ജറ്റിലും 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ